കരിമ്പിൽ ഹൈസ്കൂൾ കുമ്പളപ്പള്ളി

# മുകുളം

# ഉള്ളടക്കം

1. ജീവിതം ...............................................3

2. സങ്കടത്തിന്റെ ജീവിത വഴി.......................4

3. ഒരുവളുടെ ജീവിതം.................................5

4. വേരു പറഞ്ഞത്.....................................6

5. നേരില്ലാത്ത കാലം..................................7

# ജീവിതം

ഇരുൾ കയ്യടക്കിയ ഒരു കുടുസുമുറിയുടെ മൂലയിൽ അവളിരുന്നു എന്ത് ചെയ്യും? എങ്ങോട്ട് പോകും..... ഒരു നിശ്ചയവുമില്ല നരകയാതനകൾ ഇനിയും അനുഭവിക്കണം അതോ ഈ ഭൂമിയിലെ ജീവിതം......... ഇല്ല തോറ്റു പിന്മാറാൻ ഞാൻ തയ്യാറല്ല ഈ ജീവിതം അത് ഞാൻ ജീവിച്ചു തന്നെ തീർക്കും. എനിക്ക് ജീവിക്കണം........... എനിക്ക് ജീവിക്കണം............ എനിക്ക് അവൾ മന്ത്രിച്ചു കൊണ്ടേയിരുന്നു

ഇരുൾ തൻറെ സാമ്രാജ്യം മെല്ലെ മെല്ലെ പകലിനു വിട്ടുകൊടുത്തു. പകലിന്റെ നേരിയ വെളിച്ചം അവളെ തഴുകി ഉണർത്തി അവൾ മെല്ലെ എഴുന്നേറ്റു പിന്നെ പതിയെ അവസാനം ഇല്ലാത്ത ഈ ഭൂമിയിൽ തൻറെ സാമ്രാജ്യം തേടി പോകുന്ന ഇരുളിന്റെ കൂടെ അവളും ആ കുടുസ് മുറിയിൽ നിന്നും വിടവാങ്ങി.

**ശിവാനി ആർ പ്രസാദ്**

# സങ്കടത്തിന്റെ ജീവിത വഴി

കഷ്ടപ്പാടിന്റെ ഊന്നുവഴികളിലൂടെ വളർന്നെ –
ത്തിയ ഒരു കൊച്ചു പെൺകുട്ടിയവൾ..
ഓർമ്മവച്ചൊരാ നാള് തൊട്ടേ എന്നെ
കണ്ടു വളർന്നതാണവൾ
പാതിരാക്കുരിരുൾ ഉന്തി നീക്കി അവൾ
മാതാപിതാക്കളായി ആരുമില്ലാതെ എന്നി –
ലേക്ക് വന്നണഞ്ഞ ഒരു കിളിയാണവൾ
ഒരു ദിന രാത്രിയിൽ മഴ നനഞ്ഞൊലിച്ചെൻ
വീടിന്നുമ്മറത്തിണ്ണയിലെത്തിയ പെൺകുട്ടി
ഒരനാഥ പെൺകുട്ടി
അഞ്ചാം വയസ്സു തൊട്ടേ അവൾ വേല –
ചെയ്തു വളർന്നു അവൾ
അമ്മയെന്ന രണ്ടക്ഷരം മാത്രം ദിനചര്യയായി കേൾപ്പതുണ്ട്. .
അവൾക്ക് അമ്മയെന്നത് ഓർമ്മകൾ മാത്രം ...
വെറും ഓർമ്മകൾ മാത്രം
വിദ്യ എന്നത് അവൾ കേട്ടതില്ല
വിദ്യാലയം എന്നതവൾ കണ്ടതില്ല
കൂട്ടുകാരായി അവൾക്കാരുമില്ല
ആളുകളെ അവൾക്ക് ഭയമായിരുന്നു.
ലോകത്തിൽ ആർക്കും വേണ്ടാത്തൊരു
അധികപ്പറ്റായവൾ നിലകൊള്ളുന്നു..
അവൾക്ക് ബന്ധുക്കളായി ഭൂമി മാത്രം

**അനാമിക ചക്രപാണി**

# ഒരുവളുടെ ജീവിതം

പെണ്ണേ നീയമ്മയാണ്
ഭാര്യയാണ് സഹോദരിയാണ്
യാതനകൾ താങ്ങും മനസ്സാണ് നീ
കുടുംബത്തിനായി ജ്വലിക്കും വിളക്കാണ് നീ
വേദനയാൽ മനസ്സ് വിങ്ങുമ്പോഴും
ഒരു ചെറു ചിരിയെന്ന ആയുധവുമായി –
നീ മുന്നേറുമ്പോൾ
നിന്നിലെ സ്നേഹമാ അഗ്നിയിൽ ലോകം ദഹിക്കുന്നു
അടുക്കളയുന്ന ലോകത്ത് കുടുങ്ങുന്ന നീ
നിൻറെ കഴിവുകൾ ഒളിപ്പിച്ചു വെക്കുമ്പോൾ
നിൻ ജീവിതം നീ മറക്കുന്നു.
നീആരാവേണ്ടവളാണ് എന്നറിയുന്നില്ല ലോകം
നീആരായിരുന്നു എന്നറിയുന്നില്ല ലോകം
അത് അറിയുന്നില്ല നീ
അങ്ങനെയാകുന്നു നീ നിൻ ജീവിതം
സ്ത്രീയെ നീ മുന്നേറുക
നിനക്കായി നീ ജ്വലിക്കുക
ഈ ലോകം നിന്നെ അടിമയാക്കുമ്പോഴും
നിനക്കായി ജ്വലിച്ച് നീ മുന്നേറുക.

**ശിവാനി ആർ പ്രസാദ്**

# വേരു പറഞ്ഞത്

ജീവൻറെ നനവുകൾ തേടി ഞാൻ ഇഴഞ്ഞു
നിൻ ജീവിത പച്ചയെ കൂടെയായി നിവർത്തുവാൻ
കാറ്റും തണുപ്പും കിളിയും പറന്നെത്തി കൂടുകൂടി നീയാനന്ദമാടുമ്പോഴും
മണ്ണിൻ ഇരുട്ടിൽ കോരിത്തരിച്ചു ഞാൻ
എന്നും നിനക്കായി പടർന്നിറങ്ങവേ
ഒരുനാൾ ആരോ നമ്മെ വെട്ടി മാറ്റുന്നു
ഞാനോ തളരാതെ പിന്നെയും തേടുന്നു നിന്നെ
തളിരറിയാനുള്ള സ്നേഹത്തിൻ ആർദ്രത

# നേരില്ലാത്ത കാലം

ആളിപ്പടരുന്ന തീ
അവരോട് ചോദിക്കുകയായി
ദാഹിക്കുന്നു ഒരല്പം വെള്ളം തരാമോ?
കാട് വെന്തുരുകുമ്പോഴും
അല്പം വെള്ളത്തിനായി
അവർ മടി കാണിച്ചു
തീ ഉറക്കെ വിളിച്ചുപറഞ്ഞു
ഞാൻ നിനക്ക് വേണ്ടിയായാണെ
നിക്ക് ചോദിച്ചത്
സ്വയം കത്തുന്ന പ്രകാശം
ഒരല്പ നേരം
ഇരുട്ടിൽ ജീവിക്കുവാൻ ആശിച്ചു
അവർ ഉറക്കെ പറഞ്ഞു
വേണ്ട ഞങ്ങൾ കണ്ണടിച്ചിരുട്ടാക്കി കൊള്ളാം
കാലമേ നീയെന്തിങ്ങനെ
ഗതികെട്ട് ജീവിക്കുന്നു

**നിരുപമ പി എസ്**



പ്ലാസ്റ്റിക്കുകൾ വലിച്ചെറിയുന്ന ശീലം നിർത്തു.

പ്രകൃതിയിലെ ജീവജാലങ്ങളെ സംരക്ഷിക്കൂ.

ശ്രീഷ്മ.കെ
VII.A


DILSHA.K.V 8.A
കുഞ്ഞു കൈകളിൽ
കോർത്തിടാം
നമ്മുടെ പ്രകൃതിയെ